"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - 01/01/2024 മുതൽ 31/12/2024 വരെയുള്ള കാലയളവിലേക്ക് കെൽട്രോണുമായി ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.633/2024/LBR തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ TWWFB/CE0/111/2023-A3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വ രജിസ്ട്രേഷൻ, അംശദായ അടവ്, ട്രേഡ് യൂണിയൻ മാനേജ്മെന്റ്, ആനുകൂല്യ വിതരണം, പെൻഷൻ വിതരണം തുടങ്ങി ഭൂരിഭാഗം പ്രവർത്തനങ്ങളും കെൽട്രോൺ നിർമ്മിച്ച സോഫ്റ്റ്‌വെയർ മുഖേനയാണ് നടത്തി വരുന്നതെന്നും, സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട നവീകരണങ്ങൾ നടത്തുന്നതിനും സോഫ്റ്റ്‌വെയറിലുണ്ടാകുന്ന ബഗ്ഗുകൾ കണ്ടെത്തി ഒഴിവാക്കുന്നതിനും കെൽട്രോണിൽ നിന്നും നിരന്തരമായി സാങ്കേതിക സഹായം ആവശ്യമാണെന്നും, ആയത് ലഭ്യമാക്കുന്നതിനായി 01/01/2024 മുതൽ 31/12/2024 വരെ ഒരു വർഷക്കാലയളവിലേക്ക് ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടുന്നതിന് 3,11,559/- രൂപയും, ടി കാലയളവിലേക്ക് സർവ്വർ ഹോസ്റ്റിംഗ്, സർവ്വർ അഡ്മിനിസ്ട്രേഷൻ, ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ, ബാക്കപ്പ് ഓഫ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ എന്നിവയ്ക്കായി 2,00,000/- രൂപയും, 92,081/- രൂപ ജി.എസ്.റ്റി.-യും ചേർത്ത് ആകെ 6,03,640/- രൂപയ്ക്കുള്ള കെൽട്രോണിന്റെ പ്രൊപ്പോസൽ 30/01/2024-ലെ ക്ഷേമനിധി ബോർഡ് യോഗം അംഗീകരിച്ചതിനെ തുടർന്ന് കെൽട്രോൺ സമർപ്പിച്ച ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിന്റെ കരട് 19/03/2024-ലെ ടെക്നിക്കൽ കമ്മിറ്റി യോഗം അംഗീകരിച്ചിട്ടുണ്ടെന്നും 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബോർഡ് ബജറ്റിൽ 'മറ്റ് ഓഫീസ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവ & സോഫ്‌റ്റ് വെയർ നിർമ്മാണം' എന്ന ശീർഷകത്തിൽ 40 ലക്ഷം

രൂപ വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട്, കെൽട്രോണുമായി മേൽ പ്രകാരമുള്ള 6,03,640/- രൂപയുടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2) ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കെൽട്രോണുമായി 01/01/2024 മുതൽ 31/12/2024 വരെ ഒരു വർഷക്കാലയളവിലേക്ക് സോഫ്റ്റ്‌വെയർ മെയിന്റനൻസിനായി 3,11,559/-(മൂന്നു ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി അമ്പത്തൊന്ന്)രൂപയും ടി കാലയളവിലേക്ക് സർവ്വർ ഹോസ്റ്റിംഗ്, സർവ്വർ അഡ്മിനിസ്ട്രേഷൻ, ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ, ബാക്കപ്പ് ഓഫ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ എന്നിവയ്ക്കായി 2,00,000/- (രണ്ട് ലക്ഷം)രൂപയും, ജി.എസ്.റ്റി. 92,081/-(തൊണ്ണൂറ്റി രണ്ടായിരത്തി എൺപത്തൊന്ന്) രൂപയും ചേർത്ത് ആകെ 6,03,640/- രൂപയുടെ (ആറ് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/65/2024-LBRD).

ഉത്തരവിൻ പ്രകാരം
Signed by
Sareesh K
Date: 14-06-2024 10:50:39

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-ക്ക്.